LIBRARY ARCHIVES Kerala Legislative Assembly

ടൂറിസം പ്രൊമോഷനുവേണ്ടി ചെലവാക്കിയ തുക

97 (4705) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടൂറിസം വികസനത്തിനുവേണ്ടി കഴിഞ്ഞ സാമ്പത്തിക വർഷം എന്തു തുക ചെലവായി ;

(ബി) ഇതിൽ അനുദിന ചെലവുകൾക്കും ഗസ്റ്റ് ഹൗസുകളുടെ അറ്റകുറ്റപ്പണികൾക്കുമായി എത്ര രൂപയാണ് ചെലവായത് ;

(സി) ടൂറിസം പ്രൊമോഷനുവേണ്ടി മാത്രം എത്ര തുക ചെലവായിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 64.10 കോടി.

(ബി) അനുദിന ചെലവുകൾക്കായി 2,03,92,768 രൂപയും ഗസ്റ്റ്ഹൗസുകളുടെ അറ്റകുറ്റപ്പണികൾക്കായി 1,55,29,038 രൂപയും ചെലവായിട്ടുണ്ട്.

(സി) 10 കോടി രൂപ.

ടൂറിസം വകുപ്പ് വാടകയ്ക്കെടുക്കുന്ന വാഹനങ്ങൾ

98 (4706) ശ്രീ. വി. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടൂറിസ്റ്റ് ഡിപ്പാർട്ടുമെന്റിൽ വിവിധ ഓഫീസർമാരുടെ ആവശ്യത്തിലേക്കായി ടൂറിസ്റ്റ് വാഹനങ്ങൾ വാടകയ്ക്ക് നൽകുവാൻ കൊച്ചിയിലെ എ.ടി.എസ്. കാർസ് എന്ന സ്വകാര്യ സ്ഥാപനത്തെ ചുമതലപ്പെടുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത സ്ഥാപനത്തെ ചുമതലപ്പെടുത്തുവാൻ എന്തെല്ലാം മാനദണ്ഡങ്ങളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) ഇതുമൂലം ഡിപ്പാർട്ടുമെന്റിന് പ്രതിമാസം എത്ര രൂപ ചെലവാകുന്നുണ്ട് എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) സർക്കാർ അതിഥികളുടെ ആവശ്യത്തിനായി ടൂറിസ്റ്റ് വാഹനങ്ങൾ വാടകയ്ക്ക് നൽകുവാൻ കൊച്ചിയിലെ എ.റ്റി.എസ്. കാർസ് എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ്* അനുബന്ധമായി വച്ചിരിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്